ഡെപ്യൂട്ടി കമാൻഡാന്റിന്റെ ഒഴിവുകൾ

74 (3264) ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആംഡ് പോലീസ് ബറ്റാലിയനിൽ ഇപ്പോൾ ഡെപ്യൂട്ടി കമൻഡാന്റിന്റെ മൂന്ന് ഒഴിവുകൾ ഉള്ളതായി വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഒഴിവുകൾ എന്നുമുതൽ ഉണ്ടായതാണെന്ന് വ്യക്തമാക്കാമോ ;

(സി) എന്തുകൊണ്ടാണ് ഈ ഒഴിവുകൾ നികത്താത്തതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊമോഷൻ നടത്തി ഈ ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 25-8-1995-ലും, 29-10-1998-ലും, 1-6-1998-ലും.

(സി & ഡി) ഡി. പി. സി. ലിസ്റ്റിന്റെ അഭാവത്തിലാണ് ഒഴിവുകൾ നികത്തുവാൻ കാലതാമസം വന്നിട്ടുള്ളത്. ഡി.പി.സി കൂടി ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുവാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പോലീസ് കസ്റ്റഡിയിലെടുത്ത മാരുതികാർ പോലീസ് ഉദ്യോഗസ്ഥന്മാർ സ്വന്തമാക്കാൻ ശ്രമിച്ച സംഭവം

75 (3265) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-ൽ മലപ്പുറം ജില്ലയിൽ പോലീസ് കസ്റ്റഡിയിൽ എടുത്ത മാരുതികാർ പോലീസ് ഉദ്യോഗസ്ഥന്മാർ തന്നെ സ്വന്തമാക്കാൻ ശ്രമിച്ച സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ പ്രതികളായ പോലീസുദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ;

(സി) എവിടെനിന്നാണ് കാർ കസ്റ്റഡിയിലെടുത്തത്, കാറിന്റെ നമ്പർ വ്യക്തമാക്കാമോ ;

(ഡി) ഈ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ കേസെടുത്തിട്ടുണ്ടോ ;

(ഇ) ഇവരെ മാതൃകാപരമായി ശിക്ഷിക്കുവാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കുറ്റിപ്പുറം പോലീസ് സ്റ്റേഷനിൽ എസ്.ഐ. ആയിരുന്ന ഗോപിനാഥനും എ.എസ്.ഐ ആയിരുന്ന ഹരിദാസും.

(സി) കുറ്റിപ്പുറം ജംഗ്ഷനിലെ റോഡരികിൽ നിന്ന്, കാറിന്റെ നമ്പർ കെ. എ. 03 എം. 9321.

(ഡി & ഇ) കുറ്റക്കാരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് വകുപ്പുതല അന്വേഷണം നടത്തിവരുന്നു.

ആംഡ് പോലീസ് ബറ്റാലിയനിലെ ട്രെയിനിംഗ് നടത്തിയവർക്ക് സ്റ്റൈപ്പന്റ് കുടിശ്ശിക

76 (3266) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസിലെ ആംഡ് പോലീസ് ബറ്റാലിയനിലെ 1997-1998 വർഷം ട്രെയിനിംഗ് നടത്തിയവർക്ക് ജി.ഒ. (ആർ.റ്റി) 1962/99 ആഭ്യന്തരം തീയതി : 20-5-1999 ഉത്തരവുപ്രകാരം പുതുക്കിയ സറ്റൈപ്പന്റ് കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഈ ഉത്തരവ് പ്രകാരം ഫയർമാൻമാർക്കും എക്സൈസ് ഗാർഡുകൾക്കും പുതുക്കിയ സ്റ്റൈപ്പന്റ് അനുദവിച്ചിട്ടും ആംഡ് പോലീസ് ട്രെയിനികൾക്ക് എന്തു കൊണ്ടാണ് കുടിശ്ശിക അനുവദിക്കാതിരുന്നത് ;

(സി) കുടിശ്ശിക അനുവദിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്റ്റൈപ്പന്റ് കുടശ്ശിക, തുകയായി നൽകണമോ അതോ പി. എഫ്.-ൽ ലയിപ്പിക്കണമോ എന്ന കാര്യം പരിഗണിച്ചുകൊണ്ടിരുന്നതിനാലാണ് കാലതാമസം നേരിട്ടത്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്.

പോലീസ് കോൺസ്റ്റബിൾമാരുടെ റാങ്ക് ലിസ്റ്റ്

77 (3267) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് സേനയിലേക്ക് കോൺസ്റ്റബിൾ തസ്തികയിൽ നിയമനം നടത്തുന്നതിനായി ഏതെല്ലാം ജില്ലകളിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly